# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2395** — **18.07.2011 ൽ മറുപടിയ്ക്ക്**

## കേരള സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തയാൾ മരണപ്പെടുകയും വായ്പത്തുക തിരിച്ചടയ്ക്കാൻ കുടുംബാംഗങ്ങൾക്ക് കഴിവില്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വായ്പ ഇളവുചെയ്യുന്നതിന് രൂപം നൽകിയ 'കേരള സഹകരണ റിസ്ക് ഫണ്ട് 2006' പദ്ധതി നടപ്പാക്കി തുടങ്ങിയോ; | (എ) 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008' 01.04.2008 മുതൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിയ്ക്കാൻ ഏത് ഏജൻസിയെയാണ് സമീപിക്കേണ്ടതെന്നും നടപടിക്രമങ്ങളെന്താണെന്നും വ്യക്തമാക്കുമോ; | (ബി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യത്തിനായി വായ്പ എടുത്ത സഹകരണ സംഘത്തിനെ/ബാങ്കിനെയാണ് സമീപിക്കേണ്ടത്.<br>ഒരു വായ്പക്കാരൻ മരണമടഞ്ഞാൽ വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റും, അനന്തരാവകാശ സർട്ടിഫിക്കറ്റും സഹിതം വായ്പാക്കാരന്റെ അനന്തരാവകാശി വായ്പ നൽകിയ സംഘത്തിന്/ബാങ്കിന് അപേക്ഷ നൽകണം. അപേക്ഷ ലഭിച്ച കഴിഞ്ഞ് ഒരു മാസത്തിനകം സംഘം/ബാങ്ക് ഭരണ സമിതി അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനവും, മരണമടഞ്ഞ വായ്പക്കാരന് പദ്ധതി |

പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റും, വായ്പാക്കാരന്റെ വായ്പ അടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചിട്ടുള്ളതിന്റെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റുമെന്റും, ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം സംഘം/ബാങ്ക് നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റുമെന്റിന്റെ പകർപ്പും സഹിതം വായ്പക്കാരന്റെ അനന്തിര അവകാശി സമർപ്പിച്ച അപേക്ഷ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മാനേജിംഗ് കമ്മിറ്റി ടി അപേക്ഷ പരിശോധിച്ച് ആനുകൂല്യതുക വായ്പ അനുവദിച്ച സംഘത്തിന്/ബാങ്കിന് നൽകുന്നു. പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അപേക്ഷയിന്മേൽ വായ്പ നൽകിയ സംഘം/ബാങ്ക് നടപടികൾ കൈക്കൊള്ളുന്നില്ലെങ്കിൽ അപേക്ഷ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് നേരിട്ട് സമർപ്പിക്കാവുന്നതും ടി അപേക്ഷ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(സി) സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള കാർഷിക/ കാർഷികേതര വായ്പകൾ എടുത്തയാൾ മരണപ്പെടുന്ന പക്ഷം പ്രസ്തുത വായ്പ എഴുതിത്തള്ളുന്നതിന് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന 'കേരള സഹകരണ വികസന ഫണ്ട്' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്തെ വിവിധ വായ്പ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നിക്ഷേപ വായ്പയും സ്വർണ്ണപ്പണയ വായ്പയും ഒഴികെ കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെടുന്നപക്ഷം പ്രസ്തുത വായ്പ എഴുതി തള്ളുന്നതിന് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നിക്ഷേപ വായ്പയും സ്വർണ്ണപ്പണയ വായ്പയും ഒഴികെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണമടഞ്ഞാൽ മരണമടയുന്ന വായ്പക്കാരന്റെ കുടുംബത്തിന് സഹായമെത്തിക്കുന്ന പദ്ധതിയായ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ തുകയുടെ 2% എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് 50 രൂപയും പരമാവധി 250 രൂപയും വായ്പ നൽകുന്നതിന് മുമ്പ് വായ്പ നൽകുന്ന സംഘം/ബാങ്ക് വായ്പക്കാരനിൽ നിന്നും ഈടാക്കി കേരള സഹകരണ റിസ്ക് ഫണ്ടിൽ ഒടുക്കി ടി പദ്ധതിയിൽ അംഗമാകേണ്ടതാണ്. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നിക്ഷേപ വായ്പയും, സ്വർണ്ണപ്പണയ വായ്പയും ഒഴികെ കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾക്ക് വായ്പ എടുത്തിട്ടുള്ളതും വായ്പക്കാരന് 65 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് തിരിച്ചടവ് കാലാവധി അവസാനിക്കുന്നതുമായ വായ്പയ്ക്കു മാത്രമേ ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ. അപ്രകാരം വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണമടയുന്ന പക്ഷം ടിയാൻ മരണപ്പെടുന്ന ദിവസം ടിയാന്റെ വായ്പ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതൽ തുകയും മരണപ്പെടുന്ന തീയതി മുതലുള്ള ടി തുകയുടെ പലിശയും കേരള സഹകരണ

റിസ്ക് ഫണ്ടിൽ നിന്നും നൽകി ടിയാന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ